**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1611** **08-10-2021 - ൽ മറുപടിയ്ക്ക്**

**എണ്ണപ്പന കൃഷി പ്രോത്സാഹന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തെ പാമോയിൽ ക്ഷാമം പരിഹരിക്കുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച എണ്ണപ്പന കൃഷി പ്രോത്സാഹന പദ്ധതിയിൽ നിന്നും കേരളത്തെ ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നടപടി തിരുത്തി കേരളത്തെയും ഉൾപ്പെടുത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ? | (എ) | ഇല്ല. നടപ്പുവർഷം ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ പദ്ധതിയിൻ കീഴിൽ എണ്ണപ്പന വികസനത്തിനായി 50 ലക്ഷം രൂപയുടെ വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് നൽകി അംഗീകാരം ലഭിച്ചിരുന്നു. തുടർന്ന് കേന്ദ്രസർക്കാർ പുതിയ കേന്ദ്ര പദ്ധതിയ്ക്കായി നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽ - ഓയിൽ പാം എന്ന പുതിയ പദ്ധതി ആവിഷ്കരിക്കുകയും ആയതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പുതുക്കിയ വാർഷിക കർമ്മ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എണ്ണപ്പന കൃഷി വ്യാപിപ്പിക്കുന്നതിനായി വർദ്ധിപ്പിച്ച നിരക്കിൽ കർഷകർക്ക് സബ്സിഡി നൽകി കൊണ്ടുള്ള പദ്ധതി പ്രകാരം കേരളത്തിലെ 8 ജില്ലകളിൽ (ആലപ്പുഴ, എറണാകുളം, ഇടുക്കി, കോഴിക്കോട്, മലപ്പുറം, പാലക്കാട്, പത്തനംതിട്ട, തൃശ്ശൂർ) 6500 ഹെക്ടറിൽ 5 വർഷം കൊണ്ട് എണ്ണപ്പന കൃഷി വ്യാപിപ്പിക്കുന്നതിനാണ് പുതിയ കേന്ദ്ര പദ്ധതി ലക്ഷ്യമിടുന്നത്. എന്നാൽ ഇത് കേരളത്തിലെ 14 ജില്ലകളിലേക്കും വ്യാപിപ്പി ക്കുന്നതിനായി കേന്ദ്രസർക്കാരിനോട് അഭ്യർത്ഥി ച്ചിട്ടുണ്ട്. കൂടാതെ തൊടുപുഴ വെട്ടിമറ്റത്തുള്ള സീഡ് ഗാർഡനുപുറമേ കേരളത്തിൽ പുതുതായി ഒരു സീഡ് ഗാർഡൻ നഴ്സറി കൂടി അനുവദിക്കുവാൻ കേന്ദ്ര കൃഷി മന്ത്രാലയത്തോട് ആവശ്യപ്പെടുന്ന കാര്യവും പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ